'യമഹ' മോട്ടോറുകളിൽ നിന്നും വെള്ളത്തിൽ കലരുന്ന മാലിന്യങ്ങൾ

* 178. [197] ശ്രീ. വി.ജെ. തങ്കപ്പൻ :
,, വി. കേശവൻ :
,, ഇ. പത്മനാഭൻ :
,, കെ. മുസ്സക്കുട്ടി :
,, ടി.കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'യമഹ' മോട്ടോറുകൾ ഘടിപ്പിച്ച വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്നത് മൂലം ഈ യന്ത്രങ്ങളിൽ നിന്നും പുറത്തുവരുന്ന മാലിന്യങ്ങൾ വെള്ളത്തിൽ കലർന്ന് നമ്മുടെ കായലുകളിലെ ചെമ്മീൻ നശിച്ചുപോകുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേപ്പറ്റി വിദഗ്ധ പരിശോധന നടത്തി യാഥാർത്ഥ്യം വെളിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) യമഹ യന്ത്രങ്ങളെപ്പറ്റി മറ്റുവല്ല ആക്ഷേപങ്ങളും ഉണ്ടോ :

(ഡി) എങ്കിൽ എന്തെല്ലാം ?

ഫിഷറീസ് വകുപ്പുമന്ത്രി : (ശ്രീ. എ. എൽ. ജേക്കബ്)

(എ) കായലിൽ മണ്ണെണ്ണ കലരുന്നുവെന്നും അവിടെനിന്നും ലഭിക്കുന്ന മത്സ്യങ്ങൾക്ക് മണ്ണെണ്ണയുടെ ചുവയുണ്ടെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് പ്രശ്നം വിശദമായി പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വാതന്ത്ര്യസമര ഭടൻമാർക്ക് ക്ഷേമനിധി

* 179. [198] ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് :
,, വി. സുരേന്ദ്രൻ പിള്ള :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലമ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമരഭടൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറിന് ആലോചനയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ക്ഷേമനിധിയുടെ പരിധിയിൽ ആരെയെല്ലാം ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്വാതന്ത്ര്യസമര ഭടൻമാർക്ക് സംസ്ഥാന ഗവൺമെൻറ് നല്കുന്ന പെൻഷൻ സ്റ്റൈപ്പൻഡിയാക്കുന്നതിന് ആലോചനയുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly